ജി(4)66709/2018

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 28.05.2021

## സർക്കുലർ നമ്പർ 20/2021

വിഷയം- സഹകരണ വകുപ്പ്- ഹരിതം സഹകരണം 2021- നിർദ്ദേശങ്ങൾ- സംബന്ധിച്ച്.

## ഹരിതം സഹകരണം

കേരള സർക്കാർ തുടക്കം കുറിച്ച ഹരിത കേരളം പദ്ധതിയ്ക്ക് പിന്തുണ നൽകികൊണ്ട് പരിസ്ഥിതി സംരക്ഷണത്തിനായി 5 ലക്ഷം വൃക്ഷതൈകൾ നട്ടുവളർത്തുകയെന്ന ദൗത്യം 2017 മുതൽ സഹകരണ വകുപ്പ് ഏറ്റെടുത്ത് നടത്തിവരുകയാണ്. **"ഹരിതം സഹകരണം"** എന്ന പേരിൽ നടത്തിയ ഈ പദ്ധതി വലിയ വിജയമായിരുന്നു. കേരളത്തിന്റെ പരിസ്ഥിതി സംതുലനാവസ്ഥ നിലനിർത്തുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി അടുത്ത **5 വർഷംകൊണ്ട് 5 ലക്ഷം ഫലവൃക്ഷതൈകൾ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വച്ച് പിടിപ്പിക്കുക**യെന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. "Theme Trees of Kerala"എന്ന പേരിൽ ആവിഷ്ക്കരിക്കുന്ന ഈ പദ്ധതിയിലൂടെ **പ്ലാവ്, കശുമാവ്, തെങ്ങ്, പുളി,മാവ്** എന്നീ മരങ്ങളാണ് വെച്ച് പിടിപ്പിക്കുന്നത്.

ടി പദ്ധതി പ്രകാരം 2021 ൽ **പുളി** ആണ് വെച്ച് പിടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ഒരു ലക്ഷം പുളിമരങ്ങൾ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വച്ച് പിടിപ്പിക്കുകയെന്നതാണ് ഈ വർഷം ലക്ഷ്യമിടുന്നത്. ടി പദ്ധതി വിജയകരമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് ചുവടെ പറയും പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ലോക പരിസ്ഥിതി ദിനമായ ജൂൺ 5 മുതൽ ജൂൺ 30വരെയുള്ള കാലയളവിൽ ടി പദ്ധതി നടപ്പിലാക്കേണ്ടതാണ്.
2. എല്ലാ സംഘങ്ങളേയും ഈ പ്രവർത്തനത്തിന്റെ ഭാഗമാക്കേണ്ടതാണ്.
3. എല്ലാ സഹകരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിലുള്ള സ്ഥലത്തും ബന്ധപ്പെട്ട അധികാരികളുടെ അനുമതിയോടെ പൊതു സ്ഥലങ്ങളിലും പുളി തൈകൾ നടേണ്ടതാണ്.
4. സംസ്ഥാന/ജില്ല/താലൂക്ക്/സംഘം തലങ്ങളിൽ ഉദ്ഘാടന പരിപാടികൾ സംഘടിപ്പിക്കണം.
5. ഓരോ സംഘവും പരമാവധി എണ്ണം പുളികൾ വച്ച് പിടിപ്പിക്കേണ്ടതാണ്.
6. പദ്ധതി നടപ്പിലാക്കേണ്ടത് പൂർണ്ണമായും ഹരിത ചട്ടങ്ങളും കോവിഡ് പ്രോട്ടോക്കോളും പാലിച്ചുകൊണ്ടായിരിക്കണം.
7. പദ്ധതിയുടെ പ്രചരണാർത്ഥം ഫ്ലക്സുകളും ബാനറുകളും മറ്റു പരസ്യമാർഗ്ഗങ്ങളും ഉപയോഗിക്കുന്നത് പ്രകൃതി സൗഹൃദകരമായ ഉൽപ്പന്നങ്ങൾ ഉപയോഗിച്ചായിരിക്കണം.

8. കോവിഡ് 19 രോഗ വ്യാപന സാധ്യത കണക്കിലെടുത്ത് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ച് ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാവണം ടി പദ്ധതി സംഘടിപ്പിക്കേണ്ടത്

9. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ചെലവ് സംഘങ്ങളുടെ പൊതുനന്മ ഫണ്ടിൽ നിന്നും വഹിക്കാവുന്നതും മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന സ്ഥാപനങ്ങൾക്ക് ജില്ലാ തലത്തിൽ അവാർഡുകൾ നൽകാവുന്നതുമാണ്. ഇതു സംബന്ധിച്ച വിവരം സഹകരണ സംഘം രജിസ്ട്രാർ ആഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി കോട്ടയം ജില്ലയിൽ വച്ച് നടത്തുന്നതാണ്. ടി ഉദ്ഘാടന പരിപാടി ഓൺലൈനായി സംസ്ഥാനത്തെ എല്ലാ സഹകരണസ്ഥാപനങ്ങളിലും സഹകാരി സമൂഹത്തിനും ലഭിക്കുന്നതിനാവശ്യമായ നടപടികൾ അതാത് ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ ഏർപ്പെടുത്തേണ്ടതാണ്.

സംസ്ഥാന തല ഉദ്ഘാടനത്തിനൊപ്പം തന്നെ ടി പദ്ധതിയുടെ ജില്ലാ തലത്തിലുള്ള ഉദ്ഘാടനം അതാത് സ്ഥലങ്ങളിലെ ജനപ്രതിനിധികളെയോ പ്രമുഖ സഹകാരികളേയോ കൊണ്ട് നിലവിലെ കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ചു കൊണ്ട് നടത്തേണ്ടതാണ്.

ജില്ലാ തലത്തിൽ പദ്ധതിയുടെ ഏകോപനവും അവലോകനവും നടത്തുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാരുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ച് പുരോഗതി റിപ്പോർട്ട് സഹകരണസംഘം രജിസ്ട്രാർ ആഫീസിൽ സമർപ്പിക്കുന്നതിനോടൊപ്പം ഫോട്ടോ അടക്കമുള്ള റിപ്പോർട്ട് സഹകരണ മാസികയിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി editorprorcs@gmail.com എന്ന അഡ്രസ്സിൽലഭ്യമാക്കേണ്ടതുമാണ്. മികച്ച പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ക്യാഷ് അവാർഡ് ഉൾപ്പെടെയുള്ള സമ്മാനങ്ങൾ ജില്ലാ തലത്തിൽ വിതരണം ചെയ്യുന്നതുമാണ്. പദ്ധതിയ്ക്ക് ആവശ്യമായ ചെലവ് 10000/- രൂപയിൽ അധികരിക്കാതെ പൊതുനന്മാഫണ്ടിൽ നിന്നുംവഹിക്കാവുന്നതാണ്. ജില്ല തിരിച്ചുള്ള ടാർജറ്റ് ഇതോടൊപ്പം അനുബന്ധമായിചേർക്കുന്നു. (പൊതുനന്മാഫണ്ട് ഇല്ലാത്ത സംഘങ്ങൾ 5000 രൂപവരെ ജനറൽഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.)

| ജില്ല | സംഘങ്ങളുടെ എണ്ണം | നടേണ്ട വൃക്ഷതൈകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 700 | 5000 |
| കൊല്ലം | 800 | 8000 |
| പത്തനംതിട്ട | 700 | 7000 |
| ആലപ്പുഴ | 500 | 5000 |
| കോട്ടയം | 700 | 7000 |
| ഇടുക്കി | 400 | 4000 |
| എറണാകുളം | 800 | 8000 |
| തൃശ്ശൂർ | 700 | 7000 |
| പാലക്കാട് | 800 | 8000 |

| | | |
|---|---|---|
| മലപ്പുറം | 900 | 9000 |
| കോഴിക്കോട് | 900 | 9000 |
| വയനാട് | 200 | 3000 |
| കണ്ണൂർ | 1000 | 10000 |
| കാസർഗോഡ് | 300 | 10000 |
| ആകെ | 9400 | 100000 |

ഈ പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്ന പ്രൊഫോർമയിൽ ജൂലൈ 10 ന് മുമ്പായി ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| ജില്ല | സംഘത്തിന്റെ പേര് | നട്ട തൈകളുടെ എണ്ണം | തൈകൾ നട്ട സ്ഥലം | ഇതുമായി ബന്ധപ്പെട്ട് നടത്തിയ ബോധവൽക്കരണ പരിപാടികൾ/ ചർച്ചാ ക്ലാസ്സുകൾ എന്നിവയുടെ വിവരങ്ങൾ | ഇതുമായി ബന്ധപ്പെട്ട മറ്റു പരിപാടികൾ |
|---|---|---|---|---|---|
| | | | | | |

ഒപ്പ്
പി.ബി. നൂഹ് ഐഎഎസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-
1. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
2. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
3. അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ഡയറക്ടർ(ആഡിറ്റ്) മുഖേന
4. എഡിറ്റർ, സഹകരണ വീഥി
5. വെബ് സൈറ്റ്
6. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(എം പി)